**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**പത്രക്കുറിപ്പ്**

**പി.ജി ആയുർവേദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2021**
**സ്ട്രേ ഒഴിവുകൾ നികത്തുന്നതിനുള്ള അലോട്ട്മെന്റ്**
**സമയം ദീർഘിപ്പിച്ചു**

2021 – 22 അധ്യയന വർഷത്തെ പി.ജി ആയുർവേദ കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള അവസാന തീയതി 10.05.2022 വരെ ദീർഘിപ്പിച്ചതിനാൽ വിവിധ ആയുർവ്വേദ കോളേജുകളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് തുടർന്നും *'ഒഴിവുകൾ നികത്തുന്നതിനുള്ള അലോട്ട്മെന്റിലൂടെ'* യോഗ്യരായ വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാവുന്നതാണ്. പ്രവേശന പരീക്ഷ കമ്മീഷണറുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി അതാതു കോളേജ് അധികൃതർ നടത്തുന്ന പ്രവേശന നടപടികളിൽ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്. നിലവിലുള്ള ഒഴിവുകളിലേക്കുള്ള പ്രവേശനത്തിന് പരിഗണിക്കാൻ യോഗ്യരായ, വിദ്യാർത്ഥികളുടെ ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ 18.04.2022 ലെ **'List 2 – Candidate List'** എന്ന ലിങ്കിൽ ലഭ്യമാക്കിയിട്ടുണ്ട്.ഈ ലിസ്റ്റിൽ ഉൾപ്പെട്ട എന്നാൽ ഇതുവരെ പ്രവേശനം നേടാത്ത വിദ്യാർത്ഥികൾക്ക് ഈ ഘട്ട അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റുകളിലൂടെ നിലവിൽ ആയുർവേദ പി ജി ഡിഗ്രി/ഡിപ്ലോമ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെയും ആൾ ഇന്ത്യാ അലോട്ട്മെന്റുകളിലൂടെ പ്രവേശനം നേടിയ വിദ്യാർത്ഥികളെയും ഈ ഘട്ട പ്രവേശനത്തിൽ ഉൾപ്പെടുത്തുന്നതല്ല. മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവേശനം നേടുന്നതിന് വിദ്യാർത്ഥികൾ 10.05.2022 ഉച്ചയ്ക്ക് 2.00 മണിക്കകം അതാത് കോളേജുമായി ബന്ധപ്പെടേണ്ടതാണ്. ഒഴിവുകളുടെ എണ്ണം, 18.04.2022 ലെ മാർഗനിർദ്ദേശം എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലുള്ളത് ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.05.03 17:10:29 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**03/05/2022**